# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 350      12/11/2019-ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി.എൽ. കിഫ്ബിയിൽ നിന്നും എടുക്കുന്ന വായ്പ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി.ഡി.സതീശൻ**<br>**,, വി.ടി.ബൽറാം**<br>**,,എൽദോസ് പി. കുന്നപ്പിള്ളിൽ**<br>**,, പി.ടി. തോമസ്** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | കിഫ്ബിയിൽ നിന്നും കെ. എസ്.ഇ.ബി.എൽ. പതിനായിരം കോടി രൂപ കടം എടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ പ്രവൃത്തികൾ നടപ്പിലാക്കുവാനാണ് ഇത്ര വലിയ സംഖ്യ കടമെടുക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | 6375 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള ധനസഹായമാണ് കെ.എസ്. ഇ.ബി ലിമിറ്റഡ് KIIFB-യോട് ആവശ്യപ്പെട്ടിട്ടുള്ളത്. ഇതിൽ 5200 കോടി രൂപയുടെ പ്രവൃത്തികളാണ് KIIFB അംഗീകരിച്ചിട്ടുള്ളത്. രണ്ടു ഘട്ടങ്ങളിലായി നടപ്പിലാക്കാനുദ്ദേശിക്കുന്ന ഈ പദ്ധതിയിൽ മൂന്ന് 400 കെ.വി സബ്സ്റ്റേഷന്റെയും ഇരുപത്തിമൂന്ന് 220 കെ.വി സബ്സ്റ്റേഷനുകളുടെയും നിർമ്മാണമാണ് വിഭാവനം ചെയ്തിട്ടുള്ളത്. കൂടാതെ, വിവിധ വോൾട്ടേജ് നിലവാരത്തിലുള്ള 4390 സർക്യൂട്ട് കി.മീ പ്രസരണ ലൈനുകളുടെ നിർമ്മാണവും ഈ ഘട്ടങ്ങളിൽ പൂർത്തീകരിക്കും. പൂർത്തിയാക്കാനുദ്ദേശിക്കുന്ന സബ്സ്റ്റേഷനുകളുടെ പേരു വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ആയത് സംബന്ധിച്ച് കെ.എസ്.ഇ.ബി.എൽ. എന്തെങ്കിലും കരാറിൽ ഒപ്പു വച്ചിട്ടുണ്ടോ; പ്രസ്തുത കരാറിലെ കക്ഷികൾ ആരൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | ഉണ്ട്. കെ.എസ്.ഇ.ബി.ലിമിറ്റഡും കേരള സർക്കാരും KIIFB യുമാണ് പ്രസ്തുത കരാറിലെ കക്ഷികൾ. |
| (സി) | പ്രസ്തുത കരാർ അനുസരിച്ച് കെ.എസ്.ഇ.ബി.എൽ. കടമായി എടുക്കുന്ന തുക എത്ര കാലം കൊണ്ടാണ് തിരിച്ചടയ്ക്കേണ്ടതെന്ന് അറിയിക്കുമോ; ആയതിന്റെ പലിശ നിരക്ക് എത്രയാണെന്ന് അറിയിക്കുമോ; | (സി) | കടമായി എടുക്കുന്ന തുകയുടെ തിരിച്ചടവ് കാലാവധി, പലിശ നിരക്ക് മുതലായവ സംബന്ധിച്ച് വായ്പയുടെ 40% തുക ചെലവഴിക്കുന്നതിന് മുമ്പായി തിരിച്ചടവ് കരാർ വെക്കേണ്ടതുണ്ട് എന്നാണ് ത്രികക്ഷിക്കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. തിരിച്ചടവ് കരാർ രൂപപ്പെടുത്തി വരുന്നേയുള്ളൂ. പ്രസ്തുത കരാർ നടപ്പാക്കുന്ന മുറയ്ക്ക് മാത്രമേ തിരിച്ചടവ് കാലാവധി, പലിശനിരക്ക് മുതലായവയിൽ തീരുമാനമാവുകയുള്ളൂ. |

| | | | |
|---|---|---|---|
| (ഡി) | കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതികൾക്ക് കെ.എസ്.ഇ.ബി.എൽ-ന്റെ ചട്ടങ്ങളാണോ അതോ കരാർ പ്രകാരമുള്ള സംസ്ഥാന സർക്കാർ/ കേന്ദ്ര സർക്കാർ ചട്ടങ്ങൾ/ ഉത്തരവുകൾ ആണോ ബാധകം എന്ന് വിശദമാക്കുമോ? | (ഡി) | KIIFB വഴി നടപ്പാക്കുന്ന ട്രാൻസ്ഗ്രിഡ് പദ്ധതിയിലെ പ്രവൃത്തികൾക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിലവിലുള്ള ചട്ടങ്ങളും സംസ്ഥാന/കേന്ദ്ര സർക്കാരുകൾ നിർദ്ദേശിക്കുന്നവയിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് കേന്ദ്ര വൈദ്യുതി നിയമം 2003 ചട്ടം കെ.എസ്.ഇ.ബി.എൽ ന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ വകുപ്പ് 55 എന്നിവ പ്രകാരം സർക്കാർ KSEBL- ന് ബാധകമാക്കുന്ന ചട്ടങ്ങളും ഉത്തരവുകളുമാണ് ബാധകമാവുക. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**ഒന്നാം ഘട്ടം**

**400 കെ.വി സബ്സ്റ്റേഷൻ**

1. കോട്ടയം

**220 കെ.വി സബ്സ്റ്റേഷൻ**

1. മഞ്ചേരി
2. കുന്നമംഗലം
3. ചാലക്കുടി
4. കോതമംഗലം
5. ചിത്തിരപുരം
6. ആലുവ
7. കലൂർ
8. ഏറ്റുമാനൂർ
9. വിഴിഞ്ഞം
10. കുന്നംകുളം
11. തലശ്ശേരി

**രണ്ടാം ഘട്ടം**

**400 കെ.വി സബ്സ്റ്റേഷൻ**

1. ഇടമൺ
2. വയനാട്

**220 കെ.വി സബ്സ്റ്റേഷൻ**

1. വെങ്ങല്ലൂർ (തിരൂർ)
2. ഇരിഞ്ഞാലക്കുട
3. തുറവൂർ
4. ശാസ്താംകോട്ട
5. പത്തനംതിട്ട
6. വെട്ടത്തൂർ
7. വെണ്ണക്കര
8. കക്കാട്
9. പാഞ്ഞാൾ
10. കയിലിമല
11. മണ്ണാർക്കാട്
12. കോട്ടത്തറ